**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2767** | **18-03-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് മിഷൻ മുഖേന ഭവന നിർമ്മാണ ആനുകൂല്യം ലഭിക്കുന്നതിനായി നിലവിൽ രണ്ടുലക്ഷത്തോളം പട്ടികജാതി-പട്ടികവർഗ കുടുംബങ്ങൾ അപേക്ഷ സമർപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കുടുംബങ്ങൾക്കെല്ലാം ലൈഫ് മിഷൻ മുഖേന വീട് നിർമിച്ചു നൽകാൻ സാധിക്കുമെന്ന് വകുപ്പ് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂമിയുള്ള ഭവനരഹിതരുടെ 1,07,523 അപേക്ഷകളും, ഭൂരഹിത ഭവനരഹിതരുടെ 67,304 അപേക്ഷകളും ചേർത്ത് ആകെ 1,74,827 അപേക്ഷകൾ ലൈഫ് മിഷന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ പരിശോധന നടപടികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടന്നു വരുന്നു. ആയതിൽ അർഹരായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ലൈഫ് മിഷൻ സ്വീകരിച്ചു വരുന്നുണ്ട്. ലൈഫ് മിഷൻ മാനദണ്ഡ പ്രകാരം അർഹരായി കണ്ടെത്തിയ 35,553 പട്ടികവർഗ്ഗ കുടുംബങ്ങളിൽ 20,699 വീടുകൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ലൈഫ് മിഷൻ പദ്ധതിയിലേക്ക് പട്ടികജാതി-പട്ടികവർഗ വികസന വകുപ്പ് ഈ സാമ്പത്തിക വർഷം എത്ര തുക കൈമാറിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ; | (ബി) | പട്ടികജാതി വികസന വകുപ്പ് നടപ്പ് സാമ്പത്തിക വർഷം ഇതുവരെ 246.17 കോടി രൂപയും, പട്ടികവർഗ്ഗ വികസന വകുപ്പ് 35 കോടി രൂപയും ലൈഫ് മിഷന് അനുവദിച്ചു നൽകിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് 31.83 കോടി രൂപ കൂടി ഈ സാമ്പത്തിക വർഷം ലൈഫ് മിഷന് കൈമാറുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ലൈഫ് ഭവന പദ്ധതിയിൽ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടെന്ന് വകുപ്പ് വിലയിരുത്തുന്നുണ്ടോ; ഇല്ലെങ്കിൽ വകുപ്പ് മുഖേന പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് പ്രത്യേക ഭവന പദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ? | (സി) | ലൈഫ് മിഷൻ ഭവന പദ്ധതിയിൽ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടെന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ വിലയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ